"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വടക്കേക്കാട് ഗ്രാമപഞ്ചായത്ത് 8-ാം വാർഡ് (അഞ്ഞൂർ) മെമ്പർ ശ്രീ. എം. ഗിരീഷിന് ചികിത്സ ഇനത്തിൽ ചെലവായ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം.1785/2025/LSGD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:- 1. വടക്കേക്കാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 22.03.2025 തീയതി നടന്ന സാധാരണ യോഗത്തിലെ 5(1) നമ്പർ കമ്മിറ്റി തീരുമാനം.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.06.2025 തീയതിയിലെ LSGD/PD/17301/2025-EER2 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ല, വടക്കേക്കാട് ഗ്രാമപഞ്ചായത്ത് 8-ാം വാർഡ് (അഞ്ഞൂർ) മെമ്പർ ശ്രീ. എം. ഗിരീഷിന് ഇടതുകാലിൽ കുന്നംകുളം, ദയ ഹോസ്പിറ്റലിൽ സർജ്ജറി നടത്തിയതിൽ ചികിത്സക്കായി ചിലവായ തുകയായ 1,38,174/- (ഒരു ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി നൂറ്റി എഴുപത്തിനാലു രൂപ മാത്രം) രൂപ ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം വടക്കേക്കാട് ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. എം. ഗിരീഷിന് ചികിത്സ നടത്തിയ ഇനത്തിൽ അനുവദനീയ തുകയുടെ 70 % തുകയായ 96,721/- (തൊണ്ണൂറ്റി ആറായിരത്തി എഴുനൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി

തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, വടക്കേക്കാട് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/125/2025-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Sindhumol K A
സെക്ഷൻ ഓഫീസർ
Date: 23-07-2025 16:49:41

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.